പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 206 — 09.03.2015 ൽ മറുപടിയ്ക്ക്

## നെടുമങ്ങാട് നെല്ലനാട് വില്ലേജിൽ പാറപൊട്ടിച്ച് കടത്തുന്നതു സംബന്ധിച്ച പരാതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മോയിൻ കുട്ടി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഭൂമിയുടെ അതിർത്തികൾ തകർത്ത് ബലാല്ക്കാരമായി കൈയേറി പാറ പൊട്ടിച്ച് കടത്തുന്നതു സംബന്ധിച്ച് നെടുമങ്ങാട് നെല്ലനാട് വില്ലേജിൽ കോട്ടുകുന്നം ഉഷസ് ഭവനിൽ രാമകൃഷ്ണൻ മകൻ കുട്ടന്റെ പരാതി പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ കേസ് നമ്പർ വ്യക്തമാക്കുമോ ; | (എ) ഇതു സംബന്ധിച്ച് പരാതികൾ പോലീസിന് ലഭിച്ചിട്ടില്ലാത്തതിനാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ വെഞ്ഞാറമൂട് കോട്ടുകുന്നം ഉഷസ് ഭവനിൽ രാമകൃഷ്ണൻ നാടാർ മകൻ ശ്രീക്കുട്ടൻ നാടാരുടെ വസ്തുവിൽ വിജയൻ നായർ എന്നയാളും മറ്റുള്ളവരും ചേർന്ന് ബലാൽക്കാരമായി പ്രവേശിച്ച് പാറ പൊട്ടിച്ച് കടത്തുന്നതായി കാണിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ടിയാൻ നൽകിയ പരാതിയിന്മേൽ ടി സ്ഥലത്തുള്ള പാറ ഖനനം നിർത്തിവെയ്പ്പിക്കുവാൻ നെല്ലനാട് വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി പ്രവർത്തികൾക്ക് വില്ലേജ് അധികാരികൾ പോലീസ് സംരക്ഷണം ആവശ്യപ്പെടുന്ന പക്ഷം നൽകണമെന്നും ജില്ലാ കളക്ടർ ഉത്തരവിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധമായി എന്തൊക്കെ നടപടികൾ ഏതൊക്കെ തീയതികളിൽ പോലീസ് സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ ; | (ബി) റവന്യൂ അധികാരികൾ പോലീസ് സഹായം ആവശ്യപ്പെടുന്ന പക്ഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഇക്കാര്യത്തിൽ മുൻസിഫ് കോടതിയുടെ ഇഞ്ചംഗ്ഷൻ ഉത്തരവും, ജില്ലാ കളക്ടറുടെ സ്റ്റോപ്പ് മെമ്മോയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നിരോധനം ലംഘിച്ച എത്ര വാഹനങ്ങളും, മെഷിനറിയും പിടിച്ചെടുത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ? | (സി) ശ്രീ. കുട്ടൻനാടാർ ജില്ലാ കളക്ടറുടെ പൊതുജനപരാതി പരിഹാര സെൽ മുഖാന്തിരം (EC No. 255/15 തീയതി 24.01.2015) സമർപ്പിച്ചിരുന്ന അപേക്ഷയോടൊപ്പം ബഹു. മുൻസിഫ് കോടതിയിൽ നിന്നും ഉള്ള ഒ.എസ്.828/14 (തീയതി 13.11.14) നമ്പരായുള്ള ഇഞ്ചംഗ്ഷൻ ഉത്തരവിന്റെ പകർപ്പ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ടി അപേക്ഷയിൽ സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് വില്ലേജാഫീസർക്കുള്ള നിർദ്ദേശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ |

........

പരാതിക്കാസ്പദമായ സ്ഥലം നെടുമങ്ങാട് തഹസീൽദാർ മുഖാന്തിരം പരിശോധിക്കുകയും പരാതിക്കാരന്റെ വസ്തുവിന്റെ അതിർത്തിയിൽ നിന്നും 10 മീറ്റർ മാറി മാത്രമേ ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്ന് എതിർകക്ഷിയ്ക്ക് ഉത്തരവു നൽകുകയും ചെയ്തിട്ടുണ്ട്. നിരോധന ലംഘനത്തിന്റെ പേരിൽ വാഹനങ്ങളോ മെഷിനറികളോ കസ്റ്റഡിയിൽ എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ